# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് എ. ഇകെ.എം.( പി6)493/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് എ. ഇകെ.എം.( പി6)493/2021 തീയ്യതി: 30/03/2021

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-08-2019 മുതൽ 31-08-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ്.കെ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപകുമാർ.എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീത് ബാബു, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റെഞ്ചി കുര്യൻ കള്ളിനാൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ശോശാമ്മ സി.എസ് . | സെക്രട്ടറി | 01-04-2019 | 30-07-2019 |
| ശ്രീ. ഷാജി ടി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2019 | 07-09-2019 |
| ശ്രീ. രാജേഷ് ടി. വർഗ്ഗീസ് | സെക്രട്ടറി | 08-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി. ടി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ജോർജ്ജ് എം.പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്ര-1 | 01-04-2019 | 31-03-2020 |
| ശ്രീ.വിജയ് വി.ജി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്ര-2 | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീവിദ്യ വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്ര-3 | 01-04-2019 | 31-03-2020 |
| ശ്രീമതി. സിസി എ.എൽ | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. അമിത ജോർജ്ജ് | വെറ്റിറിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയ കെ.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജീന ടി. | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2019 | 25-12-2019 |
| ശ്രീമതി. അനഘ പി.വി. | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 26-12-2019 | 31-03-2020 |
| ഡോ.ഷാജി.പി.എസ്. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.അമ്പിളി | മെഡിക്കൽ ഓഫീസർ (ഹോമിയോ.) | 01-04-2019 | 22-09-2019 |

| | | | |
|---|---|---|---|
| ഡോ.ബാബു കെ.ടി. | മെഡിക്കൽ ഓഫീസർ (ഹോമിയോ. | 23-09-2019 | 31-03-2020 |
| ഡോ.ഉമ.ജെ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 30-06-2019 |
| ഡോ.ഇ.പി.സിന്ധു | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-07-2019 | 12-08-2019 |
| ഡോ ഉമാമഹേശ്വരി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 13-08-2019 | 09-01-2020 |
| ഡോ രേഷ്മാചന്ദ്രൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 10-01-2020 | 04-03-2020 |
| ഡോ ഢിജി.ടി.ഢി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 05-03-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 16-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-2 |
| 3 | വാർഷികക്കണക്കിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 30-03-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 30-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneeth Babu K.T (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Aneeth Babu K.T (Senior Grade Auditor, On 16-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneeth Babu K.T (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Aneeth Babu K.T (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-8 |
| 10 | ആസ്തി രജിസ്റ്ററിന്റെ പരിപാലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-9 |
| 11 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 16-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneeth Babu K.T (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Aneeth Babu K.T (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-11-1 |
| 14 | വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Aneeth Babu K.T (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-12 |
| 15 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-സംയുക്ത പരിശോധന യഥാസമയം നടത്തിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-13 |
| 16 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ-രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 16-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-14 |
| 17 | അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 16-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-15 |

| | | |
|---|---|---|
| 18 | കന്നുകുട്ടിപരിപാലനം-തുക തിരികെ ഈടാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 16-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-16 |
| 19 | തുക കൈമാറിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചു<br>Written By: Babitha B Kumar (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 1-17 |
| 20 | സ്നേഹസഞ്ജീവനി-പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 18-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-18 |
| 21 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-സർക്കാർ മാർഗനിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: M.S.Gopakumar (Asst. Audit Officer, On 18-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തുക കൈമാറിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചു<br>Written By: Babitha B Kumar (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 3-1 |
| 2 | സ്നേഹസഞ്ജീവനി-പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 18-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 29-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 17-03-2021)<br>Last Updated By: Siji (Computer Assistant, On 25-03-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 20.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10,341,023 |
| വരവ് | 2,26,627,383 |
| ആകെ | 2,36,968,406 |
| ചെലവ് | 2,24,739,058 |
| നീക്കിയിരിപ്പ് | 12,229,348 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.02.2019 തീയതിയിൽ തന്നെ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ പ്രീ ബജറ്റ് മീറ്റിംഗ് നടത്തി വിവിധ സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ഇത് ഉൾക്കൊണ്ട് കൊണ്ട് തന്നെ ബജറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്.

### 1-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | 05.03.2021 | - |

### 1-2-1 വാർഷികക്കണക്കിലെ അപാകതകൾ

1. HUDCO- ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള തിരിച്ചടവ് വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.) എന്നിവയുടെ സ്രോതസ്സിൽ നിന്നുതന്നെ ആയതിനാൽ വാർഷികധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിന്റെ B-5 ഷെഡ്യൂളിലെ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8734144.60 |
| വരവ് | 75,14,04,59 |
| ആകെ | 83,87,46,03.60 |
| ചെലവ് | 77,19,36,09 |
| നീക്കിയിരിപ്പ് | 66,80,994.60 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 16160434 | 16160434 | 11742081 | 4418353 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 7474176 | 7474176 | 5292600 | 2181576 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 104000 | 104000 | 104000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Tied) | | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Untied) | | 0 | 8801170 | 8801170 | 4689984 | 4111186 |
| മെയിന്റനൻസ്, റോഡ് | | | 12943000 | 12943000 | 1841461 | 11101539 |
| മെയിന്റനൻസ്, നോൺ-റോഡ് | | | 3889000 | 3889000 | 740500 | 3148500 |
| ലോകബാങ്ക് സഹായം | | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 897566 | 736959 | 1634525 | 834923 | 799602 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 26283969 | 26283969 | 26283969 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5426 | 1263031 | 1268457 | 1233000 | 35457 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC) | | 738400 | 140450 | 878850 | 155075 | 723775 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ലൈഫ് ( സംസ്ഥാന വിഹിതം) | | 0 | 2400000 | 2400000 | 540000 | 1860000 |
| സാക്ഷരതാ മിഷൻ ഗ്രാന്റ് | | 26696 | 926 | 27622 | 0 | 27622 |
| പൈകാ ഗ്രാന്റ് | | 580000 | 0 | 580000 | 0 | 580000 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | | 150000 | 0 | 150000 | 0 | 150000 |
| ആശ്രയാ മിഷൻ ഫണ്ട് | | 34600 | 1131929 | 1166529 | 1131929 | 34600 |
| നൂറുദിനപ്പരിപാടി - തൊഴിലുറപ്പ് സംസ്ഥാന വിഹിതം | | 0 | 512000 | 512000 | 512000 | 0 |
| ആരോഗ്യകേരളം | | 500000 | 0 | 500000 | 0 | 500000 |

മരാമത്ത് പ്രവൃത്തികളിൽ വികസന ഫണ്ട്, ധനകാര്യക്കമ്മീഷൻ വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഗ്രാന്റിനങ്ങൾ ഉപയോഗിച്ച് ആവിഷ്ക്കരിച്ച പദ്ധതികളിൽ 55 ബില്ലുകൾ 2019-2020 വർഷാവസാനം ട്രഷറിയിൽ പണമാക്കാനാവാതെ ക്യൂ ബില്ലുകളായിപ്പോയിട്ടുണ്ട്. ഇത് 2019-20 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ചെലവിനെ സാരമായി ബാധിച്ചതായി കാണുന്നു. 2019-2020 വർഷം പഞ്ചായത്തിന് ലഭ്യമായ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഇനത്തിൽ 19% തുകമാത്രമാണ് ചെലവഴിച്ചത്. 81% തുകയും ലാപ്സായി പോകുകയാണുണ്ടായത്. 2019-2020 വർഷം പഞ്ചായത്തിന് ലഭ്യമായ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ 14% തുകമാത്രമാണ് ചെലവഴിച്ചത്. 86% തുകയും ലാപ്സായി പോകുകയാണുണ്ടായത്. ഈയൊരു സ്ഥിതിവിശേഷത്തിന് കാരണമായ സാഹചര്യങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷമായ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 122162629 | 79 | 53022817 | 107 | 20 | 38.34% |

2019-20 വർഷം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ 206 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 92 എണ്ണവും ബഹുവർഷ പ്രൊജക്ടുകളായിരുന്നു. 34 പ്രൊജക്ടുകൾ സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. 20 പ്രൊജക്ടുകൾ പല കാരണങ്ങളാൽ നടപ്പാക്കാതെ ഉപേക്ഷിച്ചു. തൻവർഷം 79 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കാനായത്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 35,55,600 | 1224 |
| വിധവാപെൻഷൻ | 44,12,400 | 1497 |
| വാർദ്ധക്യകാലപെൻഷൻ | 1,06,49,400 | 3576 |
| വികലാംഗപെൻഷൻ | 16,57,300 | 555 |
| വിവാഹ ധനസഹായം | 1,20,000 | 2 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5426 | 1263031 | 1268457 | 1233000 | 35457 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26283969 | 26283969 | 26283969 | 0 |
| | 5426 | 27547000 | 27552426 | 27516969 | 35457 |

## 1-8 ക്യാഷ് പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2021 ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 80481/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആസ്തി രജിസ്റ്ററിന്റെ പരിപാലനം

2017-18 മുതൽ 2019-2020 വരെയുള്ള കാലയളവിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ നിർമ്മാണത്തിനും, MRF സെന്ററിന്റെ നിർമ്മാണത്തിനും, SC വനിതാ വ്യവസായ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായും സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഈ ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി പരമാവധി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്ത് സൂക്ഷിക്കുന്നത് ഭാവിവികസന സാദ്ധ്യതകൾക്ക് ഉപയുക്തമാക്കാൻ ഉചിതമായിരിക്കും.

1-10 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല

മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇനിയും തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങൾ ഉണ്ട്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രൊജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ, വട്ടക്കുന്ന് സാംസ്കാരികനിലയത്തിൽ ഫർണ്ണിച്ചർ ലഭ്യമാക്കാത്തത്, സാക്ഷരതാപ്രേരക് മാർക്ക് നല്കിയ ഓണറേറിയം തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കാത്തത്, വർക്ക് ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തത്, ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കാലി ബാരലുകളുടെ വിലയും വാറ്റും ഈടാക്കാത്തത് എന്നിവ സംബന്ധിച്ച പരാമർശങ്ങൾ നിലവിലും തീർപ്പാക്കിയിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങളായ തനത് ഫണ്ട് സൂക്ഷിക്കുന്നതിലെ അപാകതകൾ, തൊഴിൽ നികുതി ന്യൂനതകൾ, എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചതിലെ അപാകതകൾ, മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തത്, ഐ എ വൈ - പഞ്ചായത്ത് വിഹിതം അധികം നല്കിയത്, വിവിധ പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാതിരുന്നത് എന്നിവ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളായ വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത കാരണം കുറഞ്ഞ തുക ഈടാക്കിയത്, സാംഖ്യയിലെയും സഞ്ചയയിലെയും ഡിമാന്റ് തുകകളിലെ വ്യത്യാസം, ബിഎസ്എൻഎൽ, കെഎസ്ഇബി - സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്തത് എന്നിവ തീർപ്പാക്കാനവശേഷിക്കുന്നു. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങളായ വാർഷികകണക്കുകളിലെ അപാകതകൾ, വാടക -അപാകതകൾ, ബിഎസ്എൻഎല്ലിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്തത്, ഇ -ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീസും കന്നുകുട്ടിപരിപാലനം പ്രൊജക്റ്റിൽ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കാഞ്ഞത്, വാറണ്ടി കാലയളവിൽ സോളാർ ലൈറ്റ് മെയിന്റനൻസിന് തുക ചെലവഴിച്ചത്, കാഞ്ഞിരിക്കാപള്ളി കോളനി റോഡ് പകൽ വീട് പ്രവർത്തനക്ഷമമല്ലാത്തത്, ഹൃദ്യാരോഗ്യം പദ്ധതിയിലെ അപാകതകൾ എന്നിവയും തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ് .

1-11 തൊഴിൽ നികുതി ഈടാക്കിയില്ല.

2019-20 വർഷത്തിൽ പഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിരുന്ന ചുവടെ കൊടുത്തിട്ടുള്ള കരാറുകാരിൽ നിന്നും പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ.നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ജോളി ജോൺ |
| 2 | മനോജ് കുമാർ എം.ആർ |
| 3 | ജോയ് തോമസ് |
| 4 | ഇല്ല്യാസ് പി.എച്ച് |
| 5 | സണ്ണി കെ.എം. |
| 6 | ഷാജി കെ.പി. |
| 7 | ടോജോ സെബാസ്റ്റ്യൻ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 6/2019-20 തീയതി 10-03-2021 ന് മറുപടിയായി മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത് .

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-11-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) ഓഡിറ്റ് വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഇൻഡസ് ഇൻഡ് ബാങ്ക്, മുളന്തുരുത്തി ബ്രാഞ്ച് | II |
| 2 | കെ.എൽ.എം. നിധി ലിമിറ്റഡ് | II |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ് , പള്ളിത്താഴം | I,II |
| 4 | ബി.എസ്.എൻ.എൽ. | I,II |
| 5 | ജിയോ മാർട്ട് | II |
| 6 | സപ്ലൈകോ മെഡിക്കൽ ഷോപ്പ് | I,II |

2) 2019-20 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ട്രേഡ്ഴ്സ്) പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും(പൊതു വിതരണ കേന്ദ്രം) സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 6/2019-20 തീയതി 10-03-2021 നൽകിയതിന് ബി.എസ്.എൻ.എൽ. ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട വാടക രജിസ്റ്റർ,ലേല കരാറുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) ബസ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലുള്ള B1, B2, B3 എന്നീ മുറികൾ നാളിതുവരെയായിട്ടും ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിട്ടില്ല.

2) രജിസ്റ്റർ പ്രകാരം B10 മുറി KSEB യ്ക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടകക്കാരനുമായി വാടക കരാർ ചമച്ച് ഡെപ്പോസിറ്റ് തുകയും വാടകയും ഈടാക്കിയിട്ടില്ല.

3) വാടക കരാർ ചമച്ചിട്ടില്ല.

ചുവടെ കൊടുക്കുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് കക്ഷികളുമായി കരാർ ചമച്ചിട്ടില്ല.

| മുറി നം. | വാടകക്കാരന്റെ പേര് | വാടക പ്രാബല്യത്തീയതി |
|---|---|---|
| B12 | ബാബു. പി.ടി. | 2/2020 മുതൽ |
| B4 | അനൂബ്.സി. | 3/2020 മുതൽ |

4) പഞ്ചായത്തും വാടകക്കാരും തമ്മിലുള്ള വാടക കരാർ ഉടമ്പടി വ്യവസ്ഥകളില ക്രമ നം. (4) പ്രകാരം പഞ്ചായത്ത് കമ്മറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരന് തന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ അധികാരമുണ്ടായിരിക്കും. എന്നാൽ അധിക വാടക നിലവിലുള്ള വാടക തുകയേക്കാൾ അഞ്ച് ശതമാനം അധികരിക്കാൻ പാടില്ല.

വാടക കരാറുകൾ പ്രകാരം A1, A2, A3, A4, A5, A6, A7, A8, A9, A11, A12, B6, B7, B8, B11, C, D എന്നീ മുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത് 2019 ഫെബ്രുവരി ഒന്നാം തീയതി മുതൽ ഒരു വർഷത്തേക്കാണ്. കരാർ കാലാവധിക്ക് ശേഷവും ടി കക്ഷികൾ തന്നെയാണ് ടി മുറികൾ അതേ നിരക്കിൽ ഉപയോഗിക്കുന്നത്. എന്നാൽ കരാർ പ്രകാരമുള്ള അധിക വാടക ഈടാക്കുകയോ പുതിയ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ പഞ്ചായത്തിന് വാടകയിനത്തിൽ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 5/2019-20 തീയതി 10-03-2021നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒഴിഞ്ഞ് കിടക്കുന്ന B1, B2, B3 മുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും B10 മുറി KSEBക്ക് ആവശ്യമില്ലെങ്കിൽ പുനർ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കരാർ ചമക്കാത്ത വാടകക്കാരുമായി കരാറിലേർപ്പെടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ കാലാവധിക്ക് ശേഷവും അതേ വാടകക്കാർ തന്നെ ഉപയോഗിക്കുന്ന സംഗതിയിൽ അധിക വാടക ഈടാക്കി കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-13 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-സംയുക്ത പരിശോധന യഥാസമയം നടത്തിയില്ല</u>

30.05.2009 ലെ സ.ഉ.(സാധാരണ)നം.1275/2009/ത.സ്വ.ഭ.വ. കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണം. ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നല്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തണം.

23.06.2006 ലെ സ.ഉ.(സാധാരണ)നം. 1501/2006/ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗ രേഖ പ്രകാരം അധിക ചാർജ്/ഇരട്ടി അടവ്, തെറ്റായ ചാർജ് ഈടാക്കൽ സംബന്ധിച്ച്(ടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം ഉൾപ്പെടെ) പരാതി നിശ്ചിത ഫോറത്തിൽ പഞ്ചായത്ത് ജല അതോറിറ്റിക്ക് നൽകേണ്ടതാണ്. പരാതി പരിഹരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ജല അതോറിറ്റിയും പഞ്ചായത്ത് ഒരു ഉദ്യോഗസ്ഥനേയും സംയുക്ത പരിശോധനയ്ക്ക് നിയമിക്കണം. സംയുക്ത പരിശോധന റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ഇരു കൂട്ടരും അംഗീകരിക്കണം. സംയുക്ത പരിശോധനയിൽ ഇരു കൂട്ടരും ധാരണയിലെത്തിയില്ലെങ്കിൽ പഞ്ചായത്ത് 15 ദിവസത്തിനകം അപ്പീൽ

പെറ്റീഷൻ വഴി ആർ.ഡി.ഒ.യെ സമീപിക്കാം. ആർ.ഡി.ഒ. യുടെ തീരുമാനം അംഗീകരിക്കാൻ ഇരു വിഭാഗവും ബാദ്ധ്യസ്ഥരാണ്.

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പൊതുടാപ്പുകളുടെ സംയുക്ത പരിശോധന 2011ലാണ് അവസാനമായി നടത്തിയിട്ടുള്ളത്. പഞ്ചായത്തും കേരള ജല അതോറിറ്റി അധികൃതരും ചേർന്ന് 21-10-2011, 22-10-2011 എന്നീ തിയ്യതികളിൽ നടത്തിയ സംയുക്ത പരിശോധയിൽ പഞ്ചായത്തിൽ 336 പൊതു ടാപ്പുകൾ കണ്ടെത്തി. ആയതിൽ 25 എണ്ണം പ്രവർത്തനരഹിതവും 311എണ്ണം പ്രവർത്തനക്ഷമവുമാണെന്നും കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ 2012 മുതൽ 311ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കുന്നത്. 2019-20 വർഷത്തിൽ 321ടാപ്പുകൾക്കായി വെള്ളക്കരമിനത്തിൽ 16,83,816/-രൂപ അടവാക്കിയിട്ടുണ്ട്. പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ സംബന്ധിച്ച ചുവടെ കൊടുക്കുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/2019-20 തീയതി 15.03.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1) പഞ്ചായത്തും കേരള ജല അതോറിറ്റി അധികൃതരും ചേർന്ന് 21-10-2011,22-10-2011 തിയ്യതികളിൽ നടത്തിയ സംയുക്ത പരിശോധനയ്ക്ക് ശേഷം സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക. ഇല്ലെങ്കിൽ ആയതിനു സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ?.

2) മേൽ സംയുക്ത പരിശോധനയിൽ 311എണ്ണം പ്രവർത്തനക്ഷമമായ ടാപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019-20 വർഷത്തിൽ 321 ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നുണ്ട്. അധികമായി 10 ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നതിനുള്ള കാരണം വ്യക്തമാക്കുക.

3) മേൽ സംയുക്ത പരിശോധനയ്ക്ക് ശേഷം കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ പ്രോജക്ടുകൾ പ്രകാരം എത്ര കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

4) മേൽ സംയുക്ത പരിശോധനയ്ക്ക് ശേഷം കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡി നൽകൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ഭാഗമായി പൊതു ടാപ്പുകളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടോ? എത്ര എണ്ണം? വിശദാംശങ്ങൾ യഥാസമയം കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക .

പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-14 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ-രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് വർഷം ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയിട്ടുണ്ട്. ആയതുപ്രകാരം അർഹരായവർക്ക് ആനുകൂല്യം നല്കിയിട്ടുണ്ടെങ്കിലും ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റെ 17.08.16 ലെ 2465 / 2016 /ത സ്വ ഭ വ ഉത്തരവ് പ്രകാരം മുഴവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശസ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. ആയതുപ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് .

## 1-15 അങ്കണവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ല

പഞ്ചായത്തിലുള്ള 28 അങ്കണവാടികളിൽ ഓഡിറ്റ് വർഷം 24 എണ്ണം സ്വന്തം കെട്ടിടത്തിലും 3 എണ്ണം വാടകക്കെട്ടിടത്തിലും ഒരെണ്ണം വാടകരഹിതക്കെട്ടിടത്തിലുമാണ് പ്രവർത്തിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.11 ലെ സർക്കുലർ നം. 31055 /ഡി സി 2 / 2011 പ്രകാരം എല്ലാ വർഷവും മെയ് മാസം 10 നകം തദ്ദേശസ്ഥാപനത്തിന്റെ എഞ്ചിനിയർ / ഓവർസിയർ വാടകക്കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ് .

എന്നാൽ മുഴവൻ അങ്കണവാടികളും ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെയാണ് ഓഡിറ്റ് വർഷം പ്രവർത്തിച്ചത്. എല്ലാ അങ്കണവാടികൾക്കും ഓരോ വർഷവും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് .

1-16 കന്നുകുട്ടിപരിപാലനം-തുക തിരികെ ഈടാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 061/20 , കന്നുകുട്ടിപരിപാലനം |
| അടങ്കൽ | 1,56,250/-(വികസനഫണ്ട്) + 1,56,250/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) + 3,12,500/- (മറ്റുള്ളവ)<br>ആകെ അടങ്കൽ 6,25,000/- |
| ചെലവ് | 1,56,250/- (വികസനഫണ്ട്) ബിൽ നം.1/19-20 ; 15.10.19 |
| നിർവഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടിപരിപാലനത്തിന് വേണ്ടി വെറ്ററിനറി സർജൻ നടപ്പാക്കിയ ഈ പ്രൊജക്റ്റ് പ്രകാരം ഒരു കന്നുകുട്ടിക്ക് 6250/- രൂപ എന്ന നിരക്കിൽ 25 കന്നുകുട്ടികൾക്ക് 1,56,250/- രൂപ ഐ. സി. ഡി. പി. പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2020-21 ൽ വകുപ്പിൽ നിന്ന് 1,56,250/- രൂപ ലഭിച്ചിട്ടുണ്ട് (ആകെ തുക 3,12,500/-). ആയതുപ്രകാരം ഓരോ കന്നുകുട്ടിക്കും 12,500/- രൂപ ടി പ്രോജക്റ്റിൽ കാലിത്തീറ്റയുടെ ചെലവിനത്തിൽ ആകെ ചെലവ് ഉണ്ട്. ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.ബാബു, പട്ടുതോട്ടത്തിൽ എന്ന വ്യക്തിയുടെ കന്നുകുട്ടിയെ തീറ്റ എടുക്കാത്തതിനാൽ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ടി കന്നുകുട്ടിക്ക് നാളിതുവരെ കാലിത്തീറ്റ സബ്സിഡിയിനത്തിൽ 6890.50 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡിയിനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിൽ അവശേഷിക്കുന്ന 2804.75 രൂപ [(12500 – 6890.50) = 5609.50) ; ഇതിന്റെ പകുതിയാണ് ചെലവഴിക്കാതെ അവശേഷിക്കുന്നത്] പ്രൊജക്റ്റ് അവസാനിക്കുന്ന മുറയ്ക്ക് പ്രൊജക്റ്റ് ഓഫീസറിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

1-17 തുക കൈമാറിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 030 / 20 , നവജീവൻ |
| അടങ്കൽ | 1,00,000 /- (തനത് ഫണ്ട് ) |
| ചെലവ് | 20,000 /- |
| നിർവഹണഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി |

തദ്ദേശസ്ഥാപനം ഹാജരാക്കിയ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം നവജീവൻ എന്ന പ്രൊജക്റ്റിന് 20,000/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. ടി പ്രൊജക്റ്റ് ഫയലും ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം. 9, 15.03.21 ) തനത് ഫണ്ടിൽ നിന്നും 18.03.20ന് ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ടെന്നും പദ്ധതി നിലവിൽ ഉപേക്ഷിച്ചതാണെന്നും അറിയിച്ചു. പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ ആ തുകയ്ക്ക് മറ്റ് മരുന്നുകൾ വാങ്ങിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയത് വരെ ഇതിനായി ചെലവഴിച്ച 20,000 /- രൂപ തടസ്സപ്പെടുത്തുന്നു .

1-18 സ്നേഹസഞ്ജീവനി-പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 0028/19, സ്നേഹസഞ്ജീവനി |
| അടങ്കൽ | 1,13,452/- (വികസനഫണ്ട്) & 2,86,548/- ( തനത് ഫണ്ട് ) ആകെ |

| | |
|---|---|
| | അടങ്കൽ 4,00,000/- |
| ചെലവ് | 1,13,452/- & 1,56,250/- ആകെ ചെലവ് 2,69,702/-<br>ബിൽ നം. 13 / 19-20 ; 89,900/- ; 30.03.20<br>ബിൽ നം. 15 / 19-20 ;23,552/- ; 30.03.20<br>1,56,250/- (തനത് ഫണ്ട് ചെലവ് ) |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

മുതിർന്ന പൗരൻമാർക്ക് പ്രമേഹം ടെസ്റ്റ് ചെയ്യുന്ന ഉപകരണം വാങ്ങി നല്കുന്നതിന് മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. ഈ പ്രൊജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) സർക്കാർ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി നിർവഹണത്തിന് വേണ്ടി പുറപ്പെടുവിച്ച മാർഗരേഖയിൽ [ജി.ഒ(എം.എസ്) 22/18/ത.സ്വ.ഭ.വ. 14.02.18] ശാരീരികവെല്ലുവിളി നേരിടുന്നവർക്ക് സഹായം നല്കുന്ന പദ്ധതികളിൽ സൗജന്യമായി നല്കാവുന്ന ഉപകരണങ്ങളിൽ പ്രമേഹം ടെസ്റ്റ് ചെയ്യുന്ന ഉപകരണം ഉൾപ്പെട്ടിട്ടില്ല .

ജീവിതശൈലീരോഗമായ പ്രമേഹം ടെസ്റ്റ് ചെയ്യുന്ന ഉപകരണം പിന്നീട് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2) ഗുണഭോക്താക്കൾ ഉപകരണം ലഭിക്കുന്നതിന് അർഹരാണ് എന്ന് ഉറപ്പാക്കിയതിന്റെ രേഖകളോ അവരെ തെരെഞ്ഞെടുത്തതിന് അതത് ഗ്രാമസഭകൾ അംഗീകാരം നല്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല .

3) മുളന്തുരുത്തിയിലെ ആൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നുമാണ് Glucometer Accusure, Glucometer One Touch Select Simple എന്നിവ വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം. AP 635 / 18.03.20 - 89,901/- ; ഇൻവോയ്സ് നം. AP 809/29.01.20 – 89,900/- ; ഇൻവോയ്സ് നം. AP 610/09.03.20 – 23,552/-). 25.03.20 ലെ നടപടിക്രമങ്ങൾ പ്രകാരം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 66,349/- രൂപ ആൻ ഫാർമയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി രേഖയുണ്ടെങ്കിലും സ്ഥാപനത്തിന്റെ പേരിലുള്ള ടാക്സ് ഇൻവോയ്സ് ഇല്ല. ഇൻവോയ്സ് നം.AP 809 ന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. പക്ഷേ അത് സ്ഥാപനത്തിൽ നിന്നും ലഭിച്ച മറ്റ് ബില്ലുകളുടെ മാതൃകയിലുള്ളതല്ല .

4) ആൻ ഫാർമ എന്ന സ്ഥാപനത്തെ വാങ്ങലിനായി തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ടെണ്ടർ വിളിക്കാതെയും കരാറിലേർപ്പെടാതെയുമാണ് സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത് .

5) സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 15.03.21 ന് നല്കിയ അന്വേഷണക്കുറിപ്പിന് (നം. 7) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആശാവർക്കർമാർ സർവേ നടത്തി പരിശോധന നടത്തുന്നതിന് താല്പര്യമറിയിച്ച മുഴുവൻ പേരേയും ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തുവെന്നാണ് മറുപടിയിൽ അറിയിച്ചത്. ഇത് വ്യക്തമല്ല. ക്വട്ടേഷനുകൾ ക്ഷണിച്ച് കുറഞ്ഞ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയതെന്ന് പറയുന്നുണ്ടെങ്കിലും രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവയും ഹാജരാക്കുകയുണ്ടായില്ല .

സബ്സിഡി മാർഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത പദ്ധതിയായതിനാലും നടത്തിപ്പിൽ അപാകതളുള്ളതിനാലും ടി പദ്ധതിക്കായി ചെലവഴിച്ച 2,69,702/- രൂപ തടസ്സപ്പെടുത്തുന്നു .

<u>1-19 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-സർക്കാർ മാർഗനിർദ്ദേശം പാലിക്കേണ്ടതാണ്</u>

| | |
|---|---|
| പ്രോജക്ട് നം.& | SO32/20, പട്ടികജാതി വിഭാഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| പേര് | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | | |
| നിർവഹണ ഉദ്യോഗസ്ഥൻ. | അസിസ്റ്റന്റ് സെക്രട്ടറി | | |
| അടങ്കൽ തുക | 4,80,000/- (എസ് സി പി ഫണ്ട്) | | |
| ചെലവ് വിവരം | 4,62,400/- | | |
| | ബിൽ നം | തീയതി | തുക |
| | 03/2019-20 | 18.01.2020 | 4,62,400/- |

പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ നൽകുന്നതിനുള്ള പ്രോജക്ടാണിത്. ജി.ഒ.(എം.എസ്.)22/2018/ത.സ്വ.ഭ.വ., തീയതി.14.02.2018 - സബ്സിഡി മാർഗ്ഗനിർദ്ദേശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന, ബിരുദ/ ബിരുദാനന്തര/ഡിപ്ലോമ/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 17 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ വാങ്ങി നല്കിയിട്ടുണ്ട്. ഈ പ്രൊജക്ടിന് വേണ്ടി 16.07.2019 ൽ ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം 8 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏററവും കുറവ് ടെൻഡർ സമർപ്പിച്ച ഇൻസൈറ്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ 12.11.2019 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. അതുപ്രകാരം 17 ലാപ്പ് ടോപ്പുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും, ആയതിന്റെ ബിൽതുകയായി 4,62,400/- (27,200 X 17) ഇൻസൈറ്റ് സിസ്റ്റംസിന് നല്കുകയും ചെയ്തിട്ടുണ്ട്.

20.01.2020 ലെ സർക്കുലർ നം. ഡി.എ.1/363/2019/ത.സ്വ.ഭ.വ. പ്രകാരം ലാപ്പ് ടോപ്പുകൾ വാങ്ങിനല്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്.

1. ലാപ്പ് ടോപ്പുകൾ CPRCS പോർട്ടലിൽ നിന്നുതന്നെ വാങ്ങേണ്ടതാണ്.

2. UBUNTU അധിഷ്ഠിതമായ മോഡലിന് 22,895/- രൂപയും, Windows Home അധിഷ്ഠിത മോഡലിന് 27,722/-രൂപയുമാണ് അനുവദനീയ നിരക്ക്. ഇതിൽ അനുയോജ്യമായ മോഡൽ തെരഞ്ഞെടുക്കാവുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശം മറികടന്ന് CPRCS പോർട്ടലിൽ നിന്ന് വാങ്ങാതെ 'ടെൻഡർ മുഖേന സ്വകാര്യസ്ഥാപനത്തിൽ നിന്ന് ലാപ്പ് ടോപ്പുകൾ വാങ്ങി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 10/12.03.21ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സർക്കാർ ഉത്തരവിന് മുൻപ് തീരുമാനമെടുത്തതിനാലും, CPRCS പോർട്ടലിലെ നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ലഭ്യമായതിനാലുമാണ് സ്വകാര്യസ്ഥാപനത്തിൽനിന്ന് ലാപ്പ് ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് നല്കിയത് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. പദ്ധതി നടപ്പാക്കിയതിലെ ഉദ്ദേശ്യശുദ്ധി പരിഗണിച്ച് മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും, സർക്കാർ ഉത്തരവുകൾ പാലിച്ചും, വാങ്ങൽ നടപടി ക്രമങ്ങളിൽ സുതാര്യത പാലിച്ചും, സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയും പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തുക കൈമാറിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചു

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 030 / 20 , നവജീവൻ |
| അടങ്കൽ | 1,00,000 /- (തനത് ഫണ്ട് ) |
| ചെലവ് | 20,000 /- |
| നിർവഹണഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി |

തദ്ദേശസ്ഥാപനം ഹാജരാക്കിയ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം നവജീവൻ എന്ന പ്രൊജക്ടിന് 20,000/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. ടി പ്രൊജക്ട് ഫയലും ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം. 9, 15.03.21) തനത് ഫണ്ടിൽ നിന്നും 18.03.20ന് ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ടെന്നും പദ്ധതി നിലവിൽ ഉപേക്ഷിച്ചതാണെന്നും അറിയിച്ചു. പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ ആ തുകയ്ക്ക് മറ്റ് മരുന്നുകൾ വാങ്ങിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയത് വരെ ഇതിനായി ചെലവഴിച്ച 20,000/- രൂപ തടസ്സപ്പെടുത്തുന്നു .

### 3-2 സ്നേഹസഞ്ജീവനി-പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0028/19, സ്നേഹസഞ്ജീവനി |
| അടങ്കൽ | 1,13,452/- (വികസനഫണ്ട് ) & 2,86,548/- ( തനത് ഫണ്ട് ) ആകെ അടങ്കൽ 4,00,000/- |
| ചെലവ് | 1,13,452/- & 1,56,250/- ആകെ ചെലവ് 2,69,702/-<br>ബിൽ നം. 13/19-20 ; 89,900/- ; 30.03.20<br>ബിൽ നം. 15/19-20 ; 23,552/- ; 30.03.20<br>1,56,250/- (തനത് ഫണ്ട് ചെലവ് ) |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സി എച്ച് സി |

മുതിർന്ന പൗരൻമാർക്ക് പ്രമേഹം ടെസ്റ്റ് ചെയ്യുന്ന ഉപകരണം വാങ്ങി നല്കുന്നതിന് മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. ഈ പ്രൊജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) സർക്കാർ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി നിർവഹണത്തിന് വേണ്ടി പുറപ്പെടുവിച്ച മാർഗരേഖയിൽ [ജി.ഒ(എം.എസ്.)22/18/ത.സ്വ.ഭ.വ.,14.02.18] ശാരീരികവെല്ലുവിളി നേരിടുന്നവർക്ക് സഹായം നല്കുന്ന പദ്ധതികളിൽ സൗജന്യമായി നല്കാവുന്ന ഉപകരണങ്ങളിൽ പ്രമേഹം ടെസ്റ്റ് ചെയ്യുന്ന ഉപകരണം ഉൾപ്പെട്ടിട്ടില്ല .

ജീവിതശൈലീരോഗമായ പ്രമേഹം ടെസ്റ്റ് ചെയ്യുന്ന ഉപകരണം പിന്നീട് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

2) ഗുണഭോക്താക്കൾ ഉപകരണം ലഭിക്കുന്നതിന് അർഹരാണ് എന്ന് ഉറപ്പാക്കിയതിന്റെ രേഖകളോ അവരെ തെരെഞ്ഞെടുത്തതിന് അതത് ഗ്രാമസഭകൾ അംഗീകാരം നല്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല .

3) മുളന്തുരുത്തിയിലെ ആൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നുമാണ് Glucometer Accusure, Glucometer One Touch Select Simple എന്നിവ വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം. AP 635/ 18.03.20 - 89,901/- ; ഇൻവോയ്സ് നം. AP 809/29.01.20 – 89,900 /- ; ഇൻവോയ്സ് നം. AP 610/09.03.20 –

23,552/-). 25.03.20 ലെ നടപടിക്രമങ്ങൾ പ്രകാരം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 66,349/- രൂപ ആൻ ഫാർമയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി രേഖയുണ്ടെങ്കിലും സ്ഥാപനത്തിന്റെ പേരിലുള്ള ടാക്സ് ഇൻവോയ്സ് ഇല്ല . ഇൻവോയ്സ് നം.AP 809 ന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. പക്ഷേ അത് സ്ഥാപനത്തിൽ നിന്നും ലഭിച്ച മറ്റ് ബില്ലുകളുടെ മാതൃകയിലുള്ളതല്ല .

4) ആൻ ഫാർമ എന്ന സ്ഥാപനത്തെ വാങ്ങലിനായി തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ടെണ്ടർ വിളിക്കാതെയും കരാറിലേർപ്പെടാതെയുമാണ് സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത് .

5) സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 15.03.21 ന് നല്കിയ അന്വേഷണക്കുറിപ്പിന് (നം. 7) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആശാവർക്കർമാർ സർവേ നടത്തി പരിശോധന നടത്തുന്നതിന് താല്പര്യമറിയിച്ച മുഴവൻ പേരേയും ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തുവെന്നാണ് മറുപടിയിൽ അറിയിച്ചത്. ഇത് വ്യക്തമല്ല. ക്വട്ടേഷനുകൾ ക്ഷണിച്ച് കുറഞ്ഞ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയതെന്ന് പറയുന്നുണ്ടെങ്കിലും രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവയും ഹാജരാക്കുകയുണ്ടായില്ല .

സബ്സിഡി മാർഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത പദ്ധതിയായതിനാലും നടത്തിപ്പിൽ അപാകതയുള്ളതിനാലും ടി പദ്ധതിക്കായി ചെലവഴിച്ച 2,69,702 /- രൂപ തടസ്സപ്പെടുത്തുന്നു .

## ഭാഗം -4

### 4-1 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് വർഷത്തെ വാർഷികകണക്കുകളിലെ അപാകതകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 15,00,000 | ലൈഫ് ഭവന പദ്ധതി | 10,40,000 | 4,60,000 |
| | 2018-19 | 4,63,200 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 23,200 | 4,40,000 |
| | | 4,49,300 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 4,49,300 |
| | ആകെ | 24,12,500 | | 10,63,200 | 13,49,300 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 40,00,000 | മാർക്കറ്റ് പൂർത്തീകരണം | 33,42,290 | 6,57,710 |
| | | 20,00,000 | ആരക്കുന്നം കോളനി സമഗ്ര വികസനം | 20,00,000 | 0 |
| | ആകെ | 60,00,000 | | 53,42,290 | 6,57,710 |

മുൻ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുകയും ഉൾപ്പെടെയാണ് ബാലൻസ് ഷീറ്റിൽ 31.03.2020ൽ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്.

2019-20 വർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി തുകയൊന്നും ലഭിച്ചില്ലെങ്കിലും, മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ നിന്ന് 53,42,290/- രൂപയുടെ ചെലവ് (ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ) വന്നിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ 31.03.2020 ൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയായി രേഖപ്പെടുത്തിയിരിക്കുന്നതുമായി 35,165/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലൈഫ് ഭവന പദ്ധതി | സ.ഉ (സാധാ.)124/18/ ത.സ്വ.ഭ.വ.,11.09.2018 | 3813600 | | 411765 | | 3401835 |
| KURDFC- ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ (സാധാ.)2759/15/ ത.സ്വ.ഭ.വ., 10.09.2015 | 22284000 | 12365295 | 2364300 | 1239707 | 10000995 |

വായ്പ രജിസ്റ്റർ പ്രകാരമുള്ള തുകകൾ ആണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. HUDCO- ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള തിരിച്ചടവ് വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.) എന്നിവയുടെ സ്രോതസ്സിൽ നിന്നുതന്നെയാണ്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40,55,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 45,451 |
| ആകെ | 41,00,451 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 41,00,451 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25,000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-18 | 25,000 | കൃഷി ഓഫീസർ മുളന്തുരുത്തി | 119010106301/ 16.11.2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 (1) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | ന്യൂനതപരിഹാരപത്രിക സമർപ്പിച്ചിട്ടുണ്ട്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,51,40,459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,71,93,609 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,89,702 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 3-1 | 20,000/- | ശ്രീ ബാബു.കെ.ടി ,ചീഫ് മെഡിക്കൽ ഓഫീസർ , ഗവ.ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി |
| 3-2 | 2,69,702/- | ശ്രീ ഷാജി.പി.എസ് ,മെഡിക്കൽ ഓഫീസർ , സി എച്ച് സി , മുളന്തുരുത്തി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവർക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബാബു.കെ.ടി , ചീഫ് മെഡിക്കൽ ഓഫീസർ , ഗവ.ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി | കുഴിമൂളിൽ , കൂത്താട്ടുകുളം |
| ശ്രീ ഷാജി.പി.എസ് , മെഡിക്കൽ ഓഫീസർ, സി എച്ച് സി , മുളന്തുരുത്തി | മെഡിക്കൽ ഓഫീസർ, സി എച്ച് സി , മുളന്തുരുത്തി | കൃഷ്ണ, ശ്രേയസ് ലെയ്ൻ , കടവന്ത്ര, എറണാകുളം |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1981-82 | എൽ.എഫ്.ഇ.(പി.4) 868/98/10.5.2000 |
| 1982-83 മുതൽ 1995-96 വരെ | എൽ.എഫ്.ഇ.(പി.4) 868/98/10.5.2000 |
| 1996-97 | എൽ.എഫ്.ഇ.(പി.4) 184/98/15.6.1998 |
| 1997-98 | എൽ.എഫ്.ഇ.(പി.4) 1530/2000/15.3.01 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18/26.6.2018 |
| 1999-2000 | |
| 2000-01 | |
| 2001-02 | |

| | |
|---|---|
| 2002-03 | എൽ.എഫ്.ഇ.(പി.4) 732/04/6.4.05 |
| 2003-04 | എൽ.എഫ്.ഇ.(പി.4) 1064/05/21.12.2005 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18/26.6.2018 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | എൽ.എഫ്.ഇ.(പി.6) 991/13/ 4.2.2014 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1837/11/ 7.11.2018 |
| 2011-12 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18/26.6.2018 |
| 2012-13 | |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1330/18/31.8.2018 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2128/18/10.7.2018 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1268/17/6.5.2018 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1609/18/ 11.6.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1548/19 /06.11.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്